(ബി) കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം വിശ്രമകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കൊട്ടാരക്കര, ആലപ്പുഴ, വയനാട്, കണ്ണൂർ, പാലക്കാട്, കാസർകോട്, പാലരുവി, കായംകുളം, വാളറ, വടകര, കോട്ടയ്ക്കൽ, വൈക്കം, ആറന്മുള, അടൂർ, കായംകുളം, പുനലൂർ എന്നിവിടങ്ങളിലാണ് വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനരീതി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി

95 (4703) ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗസ്റ്റ് ഹൗസുകളുടെ പ്രവർത്തനരീതി കാലോചിതമായി പരിഷ്കരിക്കുന്നതിന് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി കൂടിയാലോചനയ്ക്ക് സർക്കാരിന് ഉദ്ദേശമുണ്ടോ ?

ഉത്തരം

ഈ കാര്യം പരിഗണിക്കുന്നതാണ്.

ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ

96 (4704) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ എവിടെയെങ്കിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അവ എവിടെയെല്ലാം ;

(സി) ഇതുസംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. മൂന്നാർ, വൈത്തിരി, തേക്കടി എന്നിവിടങ്ങളിലാണ്.

(സി) ഇടുക്കി ജില്ലയിലെ മൂന്നാറിലും തേക്കടിയിലും വയനാട് ജില്ലയിലെ വൈത്തിരിയിലും ടൂറിസ്റ്റ് സെന്ററുകൾ നിർമ്മിക്കുന്നതിന് വേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര പൊതുമരാമത്ത് വകുപ്പിനാണ് നിർമ്മാണ ചുമതല. ഓരോ റിസപ്ഷൻ സെന്ററിനും 33,92,160 രൂപ അടങ്കൽ തുക വകകൊള്ളിച്ചിട്ടുണ്ട്. മൂന്നാറിലും വൈത്തിരിയിലും ഭൂമി കൈമാറ്റം സംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്. തേക്കടിയിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly